LIBRARY ARCHIVES Kerala Legislative Assembly

ഷെഡ്യൂൾ II, III, IV എന്നിവയിൽ വരുന്ന ചരക്കുകളുടെയും സേവനങ്ങളുടെയും സംസ്ഥാനത്തിനകത്തുള്ള കൈമാറ്റങ്ങൾക്ക് 1% പ്രളയ സെസ്സ് ബാധകമാണ്. എസ്.ആർ.ഒ. 360/2017-ലെ അഞ്ചാം ഷെഡ്യൂളിൽ വരുന്ന ചരക്കുകളുടെ (സ്വർണം, വെള്ളി മുതലായവ) കൈമാറ്റങ്ങൾക്ക് 0.25% പ്രളയ സെസ്സ് ബാധകമാണ്. പ്രളയ സെസ്സ് ചരക്കുകളുടെയും സേവനങ്ങളുടെയും അന്തിമ ഉപഭോക്താവിലേയ്ക്കുള്ള (B to C) കൈമാറ്റങ്ങൾക്ക് മാത്രമാണ് ചുമത്തിയിട്ടുള്ളത്.

(ബി) പ്രളയസെസ്സിന്റെ കാലാവധി വ്യക്തമാക്കാമോ?

പ്രളയ സെസ്സ് 2019 ആഗസ്റ്റ് മുതൽ രണ്ട് വർഷത്തേയ്ക്കാണ് ചുമത്തിയിട്ടുള്ളത്.

(സി) പ്രളയ സെസ്സിലൂടെ നാളിതുവരെ എത്ര തുക സമാഹരിക്കാൻ കഴിഞ്ഞു; വിശദമാക്കുമോ?

30-6-2021-ലെ കണക്കനുസരിച്ച് 1929.78 കോടി രൂപ പ്രളയ സെസ്സിലൂടെ സമാഹരിച്ചിട്ടുണ്ട്.

(ഡി) പ്രളയ സെസ്സിലൂടെ സമാഹരിച്ച തുക റീബിൽഡ് കേരളയ്ക്ക് നൽകിയോ; എങ്കിൽ എത്ര തുകയാണ് ഇതുവരെ കൈമാറിയത്; വിശദമാക്കാമോ?

വിവരം ശേഖരിച്ചുവരുന്നു.

പ്രളയ സെസ്സ്

80(89) ശ്രീ. ഷാഫി പറമ്പിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രളയ സെസ്സ് ഏർപ്പെടുത്താനുള്ള സാഹചര്യം വിശദമാക്കാമോ;?

2018 ആഗസ്റ്റിലുണ്ടായ പ്രളയത്തിൽ തകർന്നടിഞ്ഞ കേരളത്തിന്റെ പുനർ നിർമ്മാണത്തിനുവേണ്ടി ഫണ്ട് സ്വരൂപിക്കുന്നതിന്റെ ഭാഗമായാണ് സംസ്ഥാന സർക്കാർ പ്രളയ സെസ്സ് ഏർപ്പെടുത്തിയത്. ജി.എസ്.ടി. കൗൺസിലിന്റെ അനുമതിയോടെ കേരള ഫിനാൻസ് ആക്ട് 2019-ലെ വകുപ്പ് 14 പ്രകാരമാണ് പ്രളയ സെസ്സ് ചുമത്തിയിരിക്കുന്നത്. 30-6-2017-ലെ എസ്.ആർ.ഒ. 360/2017-ൽ ഷെഡ്യൂൾ II, III, IV എന്നിവയിൽ വരുന്ന ചരക്കുകളുടെയും സേവനങ്ങളുടെയും സംസ്ഥാനത്തിനകത്തുള്ള കൈമാറ്റങ്ങൾക്ക് 1% പ്രളയ സെസ്സ് ബാധകമാണ്. എസ്.ആർ.ഒ. 360/2017-ലെ അഞ്ചാം ഷെഡ്യൂളിൽ വരുന്ന ചരക്കുകളുടെ (സ്വർണം, വെള്ളി മുതലായവ)

കൈമാറ്റങ്ങൾക്ക് 0.25% പ്രളയ സെസ്സ് ബാധകമാണ്. പ്രളയ സെസ്സ് ചരക്കുകളുടെയും സേവനങ്ങളുടെയും അന്തിമ ഉപഭോക്താവിലേയ്ക്കുള്ള (B to C) കൈമാറ്റങ്ങൾക്ക് മാത്രമാണ് ചുമത്തിയിട്ടുള്ളത്.

(ബി) പ്രളയ സെസ്സിലൂടെ നാളിതുവരെ എത്ര തുക ലഭിച്ചു; എന്നുവരെയാണ് പ്രളയ സെസ്സ് ഈടാക്കുന്നത്?

30-6-2021-ലെ കണക്കനുസരിച്ച് 1929.78 കോടി രൂപ പ്രളയ സെസ്സിലൂടെ സമാഹരിച്ചിട്ടുണ്ട്. പ്രളയ സെസ്സ് ആഗസ്റ്റ് 2019 മുതൽ രണ്ടു വർഷത്തേയ്ക്കാണ് ചുമത്തിയിട്ടുള്ളത്. ഇതനുസരിച്ച് 2021 ജൂലൈ 31-ന് പ്രളയ സെസ്സിന്റെ കാലാവധി അവസാനിക്കും.

(സി) പ്രളയസെസ്സിലൂടെ ലഭിച്ച തുക എന്തൊക്കെ കാര്യങ്ങൾക്കാണ് ചെലവാക്കിയതെന്ന് ഇനം തിരിച്ച് വിശദമാക്കാമോ?

വിവരം ശേഖരിച്ചുവരുന്നു.

ഇന്ധന നികുതി

81(90) ശ്രീ. റോജി എം. ജോൺ: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ (2011-2016) കാലഘട്ടത്തിൽ ഓരോ സാമ്പത്തിക വർഷങ്ങളിലും ഇന്ധന നികുതി ഇനത്തിൽ സംസ്ഥാന സർക്കാരിന് എത്ര കോടി രൂപ വീതം ലഭിച്ചുവെന്ന് വ്യക്തമാക്കാമോ?

കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ (2011-2016) കാലഘട്ടത്തിൽ ഓരോ സാമ്പത്തിക വർഷങ്ങളിലും ഇന്ധന നികുതി ഇനത്തിൽ (പെട്രോൾ, ഡീസൽ) സംസ്ഥാന സർക്കാരിന് ലഭിച്ച തുക അനുബന്ധമായി ചേർക്കുന്നു.*

പ്രളയ സെസ്സ്

82(91) ശ്രീ. ഡി. കെ. മുരളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയ സെസ്സ് ഇനത്തിൽ നാളിതുവരെ എത്ര തുക പിരിച്ചെടുത്തുവെന്ന് വ്യക്തമാക്കാമോ?

30-6-2021-ലെ കണക്കനുസരിച്ച് 1929.78 കോടി രൂപ പ്രളയ സെസ്സിലൂടെ സമാഹരിച്ചിട്ടുണ്ട്.

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly